"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി - ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകേണ്ട പലിശ കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(കൈ) നം.76/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/06/2019

---

പരാമർശം:- 1 സഹകരണ വകുപ്പ് സെക്രട്ടറിയുടെ 12/01/2018ലെ ബി2/695/2017/സഹ നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

2 13/11/2018ലെ സ.ഉ(കൈ) നം. 167/2018/തസ്വഭവ നമ്പർ ഉത്തരവ്.

3 31/01/2019ലെ സ.ഉ(കൈ) നം. 11/2019/ത.സ്വ.ഭവ നമ്പർ ഉത്തരവ്

4 പഞ്ചായത്ത് ഡയറക്ടറുടെ 24/04/2019ലെ PAN22753/2018-J2(DP) നമ്പർ കത്ത്.

5 ഗ്രാമ വികസന കമ്മീഷണറുടെ 27/03/2019ലെ 23688/എച്ച് & റ്റി1/13/സിആർഡി നമ്പർ കത്ത്.

6 ധനകാര്യ വകുപ്പിന്റെ 07/06/2019ലെ സ.ഉ(സാധാ)നം. 4313/2019/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

ഇ . എം . എസ് ഭവന പദ്ധതി പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സഹകരണബാങ്കിൽ നിന്നും അനുവദിച്ച വായ്പയിലെ പലിശയിനത്തിൽ നൽകുന്നതിനായി പരാമർശം (2) പ്രകാരം 18 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവിൽ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, നഗരസഭ/കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ പലിശയിനത്തിലുള്ള തുക പ്രത്യേകമായി രേഖപ്പെടുത്താതിരുന്നതിനാൽ വകുപ്പുതലത്തിലുള്ള കണക്കുകൾ പ്രത്യേകം സൂക്ഷിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നും തുക ആര് മാറി നൽകും എന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടില്ലാത്തതിനാൽ സാങ്കേതികമായി പ്രശ്നങ്ങൾ നേരിടുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇഎംഎസ് ഭവന പദ്ധതിക്ക് ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകുന്നതിനുള്ള

പലിശ അനുവദിക്കുന്നതിൽ സ്പഷ്ടീകരണം നൽകി പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവു പ്രകാരം ഗ്രാമവികസന വകുപ്പിന് ലഭ്യമാക്കിയ 4 കോടി രൂപ ധനകാര്യ വകുപ്പിൽ നിന്നും (Ways and means) ക്ലിയറൻസ് ലഭിക്കാത്തതിനാൽ വിതരണം ചെയ്യാൻ സാധിച്ചില്ല എന്ന് പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണറും, പഞ്ചായത്ത് ഡയറക്ടർക്ക് ലഭ്യമാക്കിയ 14 കോടി രൂപ 2018-19 സാമ്പത്തിക വർഷം ബിൽ ക്യൂവിലായി മാറി നൽകാൻ സാധിക്കാതെ വന്നുവെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടറും അറിയിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ഇ . എം . എസ് ഭവന പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എടുത്ത വായ്പയുടെ പലിശയിനത്തിൽ , 2216-80-800-89 എന്ന ശീർഷകത്തിൽ നിന്ന് പരാമർശം *(6) ലെ സർക്കാർ ഉത്തരവ് പ്രകാരം* അധികധനാനുമതി മുഖേന അനുവദിച്ച **8.50 കോടി** രൂപ , ടി ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 9.50 കോടി രൂപ എന്നിവ ഉൾപ്പെടെ 18 **കോടി** രൂപ അനുവദിച്ചു കൊണ്ടും ഇതിൽ 14 കോടി രൂപ ഗ്രാമ പഞ്ചായത്തുകൾക്കു അനുവദിച്ചുകൊണ്ടും ടി തുക മാറി നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും ബാക്കിയുള്ള 2 കോടി രൂപ വീതം ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും അനുവദിച്ചുകൊണ്ടും ടി തുക മാറി നൽകുന്നതിനുള്ള ചുമതല ഗ്രാമ വികസന കമ്മീഷണർക്കു നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
**ജോയിന്റ് സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

എല്ലാ സഹകരണ ബാങ്ക് അധികാരികൾക്കും

സഹകരണ വകുപ്പിന്

ധനകാര്യവകുപ്പിന്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

തദ്ദേശ സ്വയഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ) യുടെ പി.എക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ